# വിധേയത്വം



ഒരു സൂഫി തന്റെ ശിഷ്യന്മാരോടൊത്തു ചന്തയിലൂടെ നടക്കുകയായിരുന്നു. ഏതു സന്ദർഭമായാലും അതുപയോഗിച്ച് ശിഷ്യരെ പഠിപ്പിക്കുന്നതിൽ അദ്ദേഹം വിരുതനായിരുന്നു. ഒരാൾ തന്റെ പശുവിനെയും നടത്തിച്ച് ആ വഴി വന്നു.

സൂഫി പറഞ്ഞു: "കുട്ടികളേ, നോക്കൂ.. നിങ്ങൾ ആ വരുന്നയാളെയും പശുവിനെയും പൊതിഞ്ഞു നിൽക്കുക. ഞാൻ നിങ്ങളെ ഒരു സത്യം പഠിപ്പിച്ചുതരാം."

പ്രസിദ്ധനായ ആ സൂഫിയെ കണ്ടപാടെ പശുവുമായി വന്ന ആൾ നിന്നു. തന്നെയും തന്റെ പശുവിനെയും ഉപയോഗിച്ച് തന്റെ ശിഷ്യന്മാർക്ക് ആ സൂഫി എന്താണ് പഠിപ്പിക്കാൻ പോകുന്നതെന്ന കാര്യത്തിൽ ആ മനുഷ്യനും ഉൽക്കണ്ഠയായി. സൂഫി ശിഷ്യന്മാരോട് ചോദിച്ചു: "ഈ പശു ഈ മനുഷ്യന്റെ അടിമയാണോ? അഥവാ ഈ മനുഷ്യൻ പശുവിന്റെ അടിമയോ?"

പശു ആ മനുഷ്യന്റെ അടിമയാണെന്നായിരുന്നു കുട്ടികൾ പറഞ്ഞ ഉത്തരം. "ഈ മനുഷ്യനാണ് പശുവിന്റെ ഉടമസ്ഥൻ. അയാളുടെ കൈവശമാണ് പശുവിനെ കെട്ടിയിരിക്കുന്ന കയറിന്റെ ഒരറ്റം. ഇദ്ദേഹം പോകുന്നിടത്തൊക്കെ പശുവും പോയേ പറ്റൂ." അവർ പറഞ്ഞു.

"ശരി. നോക്കൂ" എന്നു പറഞ്ഞ് പെട്ടെന്ന് ഒരു കത്തിയെടുത്ത് പശുവിനെ ബന്ധിച്ചിരുന്ന കയർ സൂഫി അറുത്തുമാറ്റി. പശു ഓടി രക്ഷപ്പെട്ടു. പശുവിന്റെ പിന്നാലെ പാഞ്ഞ ഉടമസ്ഥൻ ദേഷ്യത്തോടെ പറഞ്ഞു:

"ഇതെന്തുതരം പരീക്ഷണമാണ് ഹേ!" ഓടുന്ന വഴിക്ക് അയാൾ സൂഫിയെ ശകാരിച്ചു.

സൂഫി പറഞ്ഞു: "നോക്കൂ.. ഇപ്പോഴെന്താണ് സംഭവിച്ചത്? ആരാണിപ്പോഴിവിടെ യജമാനൻ? പശുവിന് അയാളോട് ഒരു താൽപ്പര്യവുമില്ല. അത് രക്ഷപ്പെടുകയാണല്ലോ ചെയ്തത്... അയാൾക്കാകട്ടെ വലിയ ദേഷ്യവുമുണ്ടായി. ഇതുപോലെയാണ് നിങ്ങളും നിങ്ങളുടെ മനസ്സും" സൂഫി ശിഷ്യന്മാരോട് കൂട്ടിച്ചേർത്തു.

"നിങ്ങൾ മനസ്സിൽ കൊണ്ടുനടക്കുന്ന പേടി വിഷമം, മുതലായ ചിന്തകൾക്ക് നിങ്ങളിൽ ഒരു താൽപര്യവുമില്ല. നിങ്ങൾ ആ ചിന്തകളുടെ അർത്ഥശൂന്യത മനസ്സിലാക്കുന്ന ആ നിമിഷം നിങ്ങൾക്കവയിലുള്ള താൽപ്പര്യം നശിക്കും. അവ ആ നിമിഷം മാഞ്ഞില്ലാതാകുകയും ചെയ്യും. ആ പശുവിനെപ്പോലെ അവ രക്ഷപ്പെടും."

ഇന്ത്യയുടെ ചീഫ് എക്സിക്യൂട്ടീവ് എന്നറിയപ്പെടുന്നത്– രാഷ്ട്രപതി